**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**<u>പോലീസ് സേനാംഗങ്ങളുടെ അകാല മരണങ്ങൾ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2011 4/11/2019-ൽ മറുപടിക്ക്**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.വി. അബ്ദുറഹിമാൻ** **പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ അടുത്തകാലത്തായി പോലീസ് ഉദ്യോഗസ്ഥർ മാനസിക സമ്മർദ്ദം താങ്ങാനാവാതെ ഹൃദയാഘാതവും മറ്റും സംഭവിച്ച് അകാലത്തിൽ മരണപ്പെടുന്ന സാഹചര്യം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സേനാംഗങ്ങൾ മാനസിക സമ്മർദ്ദം താങ്ങാനാവാതെ ഹൃദയാഘാതവും മറ്റും സംഭവിച്ച് മരണപ്പെടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | മേൽ സൂചിപ്പിച്ച പ്രകാരമുള്ള ആകസ്മിക മരണങ്ങൾ പോലീസ് സേനയിൽ വർദ്ധിച്ച് വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പോലീസ് സേനയിൽ ആകസ്മിക മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദൗർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരോ സന്ദർഭത്തിലും പോലീസ് ഉദ്യോഗസ്ഥരുടെ മരണകാരണം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. പരിഹാരശ്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പോലീസ് സേനാംഗങ്ങളുടെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള എന്തൊക്കെ | (സി) | പോലീസ് സേനാംഗങ്ങളുടെ ഇടയിൽ സൗഹാർദ്ദപരമായ തൊഴിൽ സംസ്കാരം നിലനിർത്തുകയെന്നതാണ് |

| | | | |
|---|---|---|---|
| | പ്രവണതകളാണ് അവരുടെ തൊഴിലിടങ്ങളിൽ നിലനിൽക്കുന്നത് എന്ന് പരിശോധിക്കുമോ; | | സർക്കാർ ലക്ഷ്യം. അതിന് എതിരെയുള്ള പ്രവണത നിലനിൽക്കുന്ന തായ സാഹചര്യം ഒഴിവാക്കപ്പെടുന്ന തിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ഡി) | പോലീസ് സേനാംഗങ്ങളുടെ മനോബലം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;എങ്കിൽ വിശദമാക്കാമോ? | (ഡി) | പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്ട്രെസ് കുറയ്ക്കുന്നതിന്റെ ഭാഗമായും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന തിനുവേണ്ടി സംസ്ഥാന പോലീസ് മേധാവി 16/09/2019 ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് 26/2019 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി യിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ പ്രവർത്തിച്ചുവരുന്ന Help and Assistants to Tackle Stress (HATS) മുഖേന ആവശ്യമായ പോലീസ് ഉദ്യോഗസ്ഥർക്ക് കൗൺസലിംഗ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ